**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **12-02-2024 - ൽ മറുപടിയ്ക്ക്**

**രാസലഹരികളുടെ കടത്ത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തേക്ക് എം.ഡി.എം.എ ഉൾപ്പെടെയുള്ള രാസ ലഹരികൾ നിർബാധം കടത്തിക്കൊണ്ടുവരുന്നത് തടയുവാൻ എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | എം.ഡി.എം.എ ഉൾപ്പെടെയുള്ള രാസ ലഹരികൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന്റെ ഭാഗമായി ജില്ലാ കേന്ദ്രങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും, രഹസ്യവിവര ശേഖരണത്തിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. പോലീസ്, റവന്യൂ, വനം, റെയിൽവേ, ഡ്രഗ്സ് കൺട്രോൾ, ഭക്ഷ്യ സുരക്ഷ, മോട്ടോർ വെഹിക്കിൾ, ലീഗൽ മെട്രോളജി മുതലായ വകുപ്പുകളുടെ സഹകരണത്തോടെ ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ എന്നിവ സ്വന്തം നിലയിലും സംയുക്തമായും പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. ബസ്സ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലും, ഉത്സവങ്ങൾ, ആഘോഷങ്ങൾ മുതലായ ആളുകൾ കൂടുന്ന ഇടങ്ങളിലും, അന്തർ സംസ്ഥാന ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളിലും പരിശോധന നടത്തിവരുന്നു. ലഹരി കേസുകളിൽ ഉൾപെടുന്ന മുൻ പ്രതികളുടെ വിശദ വിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി ടിയാന്മാരുടെ നിലവിലെ പ്രവർത്തനം നിരീക്ഷിച്ചു വരുന്നു. സംസ്ഥാന അതിർത്തികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ ടീമും, കെമു വിഭാഗവും പ്രവർത്തിച്ച് വരുന്നുണ്ട്. വിശേഷാവസരങ്ങളിലും അവധി ദിവസങ്ങളിലും അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഒരേ സമയം ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പറേഷൻ നടത്തിവരുന്നു. വലിയ അളവിലുള്ള മദ്യ-മയക്കുമരുന്ന് കേസുകളിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും രാസ ലഹരിയുടെ ഉപഭോഗം വർദ്ധിച്ച് വരുന്നതിന്റെ കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് കടത്തിക്കൊണ്ടുവരുന്ന രാസ ലഹരിയുടെ സിംഹഭാഗവും എക്സൈസ് വകുപ്പും മറ്റ് സർക്കാർ ഏജൻസികളും ചേർന്ന് കണ്ടെടുക്കുന്നുണ്ട്. രാസലഹരികളിൽ എം.ഡി.എം.എ ഉൾപ്പെടെയുള്ളവ താരതമ്യേന കൈവശം വെയ്ക്കുവാനും കടത്തി കൊണ്ടുവരുവാനും വളരെ സൗകര്യപ്രദമാണ്. ആധുനിക സാങ്കേതിക സംവിധാനങ്ങളിലൂടെയുള്ള നെറ്റ് വർക്ക് സംവിധാനം ഇത്തരക്കാർ ഉപയോഗപ്പെടുത്തുന്നതിനാൽ ഇത് കണ്ടെത്തുവാൻ വളരെ പ്രയാസമേറിയ കാര്യവുമാണ്. രാസലഹരികൾ ഉപയോഗിക്കുന്നത് കണ്ടെത്തുവാൻ രക്തസാമ്പിളുകളുടെ പരിശോധന പോലെ വളരെ ആഴത്തിലുള്ള പരിശോധനകൾ ആവശ്യമാണ്. കൂടാതെ രൂക്ഷഗന്ധമില്ലാത്തതിനാൽ ഉപയോഗിക്കുന്നവരെ കണ്ടെത്താൻ കൂടുതൽ പരിശോധന ആവശ്യമാണ്. പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കി വ്യാപനം തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം മൂലം കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും കണ്ടെടുക്കുന്ന മയക്കുമരുന്നുകളുടെ അളവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ